പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3125 13.07.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി പെൻഷൻ കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി യിലുള്ള പെൻഷൻകാർക്ക് ഏത് മാസം വരെയാണ് പെൻഷൻ നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | 2015 ഏപ്രിൽ, മെയ് മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 2015 ജൂൺ മാസത്തിലെ പെൻഷൻ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെയുള്ള കാലയളവിലെ പെൻഷൻ പരമാവധി 15000/- രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന തുക കുടിശ്ശികയാണ്. |
| (ബി) | കുടിശ്ശിക എന്ന് നൽകാനാകും എന്ന് വിശദമാക്കാമോ? | (ബി) | രണ്ട് മാസത്തെ പെൻഷൻ കുടിശ്ശിക ജൂലൈ, സെപ്റ്റംബർ മാസങ്ങളിലും പെൻഷൻ 15,000/- രൂപയായി നിജപ്പെടുത്തി നൽകിയതുമൂലം ഉണ്ടായിട്ടുള്ള ആറു മാസത്തെ കുടിശ്ശികയിൽ 2014 ഒക്ടോബർ മാസത്തേത് 2015 ജൂലൈയിലും, 2014 നവംബർ, ഡിസംബർ മാസങ്ങളിലേത് 2015 ഒക്ടോബറിലും, 2015 ജനുവരി മാസത്തേത് 2015 നവംബറിലും, 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേത് 2015 ഡിസംബറിലും നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ